**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 95** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ട്രാവൽ ആൻഡ് ടൂറിസം മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ടൂറിസം മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. കാലാനുസൃതമായ മാറ്റങ്ങളും ടൂറിസം മേഖലയിലെ ആവശ്യങ്ങളും അനുസരിച്ച് ടൂറിസം നയം രൂപപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** ടൂറിസം മേഖലയിലേക്ക് പുതുതായി കടന്നുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി മുൻ സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന ഇന്നൊവേഷൻ ഗ്രാന്റ്, സീഡ് ഫണ്ടിംഗ് മുതലായ സാമ്പത്തിക സഹായങ്ങളും തൊഴിലിടങ്ങളും ഉറപ്പാക്കിയതിന്റെ ഗുണഫലങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ടൂറിസം വകുപ്പുമായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്. ആയത് പ്രകാരം കാരവൻ പാർക്ക്, സ്റ്റാർട്ടപ്പ് പോഡ് പദ്ധതി, ടോയ്‌ലറ്റ് മോഡൽ, പരിസ്ഥിതി സൗഹൃദ ശുചിത്വ സംവിധാനം, AI ഇൻഫർമേഷൻ - കിയോസ്കുകൾ എന്നീ പദ്ധതികൾ ഉൾപ്പെടുന്നു. എന്നാൽ നാളിതുവരെ സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് മേൽ പദ്ധതികളൊന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**(സി)** ടൂറിസം വകുപ്പും കേരള സ്റ്റാർട്ടപ്പ് മിഷനും ഒരുമിച്ച് പ്രവർത്തിക്കാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികളേതൊക്കെയെന്നും അതുകാരണം ടൂറിസം മേഖലയിലുണ്ടായ മുന്നേറ്റവും വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ടൂറിസം മേഖലയിൽ നടപ്പാക്കിയിട്ടുള്ള കേരള സംസ്ഥാന ഡിസൈൻ പോളിസി ടൂറിസം പദ്ധതികളെ പ്രകൃതിക്കിണങ്ങുന്ന തരത്തിൽ രൂപകൽപ്പന ചെയ്യുന്നതിന് എത്രമാത്രം

സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

**മറുപടി:** ടൂറിസം കേന്ദ്രങ്ങൾ വളർത്തിയെടുക്കൽ, എല്ലാവർക്കും എത്തിച്ചേരാവുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തൽ, പുതിയ ലാൻഡ് മാർക്കുകൾ സൃഷ്ടിക്കൽ, പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, ഉന്നത നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, ഉത്തരവാദിത്ത ടൂറിസം സമന്വയിപ്പിക്കൽ എന്നിവ ടൂറിസം മേഖലയിൽ നടപ്പിലാക്കി വരുന്നു.

സുസ്ഥിരമായ സമ്പ്രദായത്തിന് ഊന്നൽ നൽകി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു ടൂറിസം നയം രൂപീകരിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത് .

**സെക്ഷൻ ഓഫീസർ**